മുദ്രകൾ

# സിൻജിയാംഗ് എന്ന കിഴക്കൻ തുർക്കിസ്താനിൽ സംഭവിക്കുന്നത്

**സിൻജിയാംഗ്** പ്രവിശ്യയിൽ ചൈനീസ് ഭരണകൂടം ഉയിഗൂർ മുസ്‌ലിംകൾക്കെതിരെ കനത്ത പോലീസ് നടപടികൾ തുടരുന്നു. ജൂലൈ 6ന് നടന്ന പോലീസ് നരനായാട്ടിലും വംശീയ കലാപത്തിലും ചുരുങ്ങിയത് 156 പേരെങ്കിലും കൊല്ലപ്പെട്ടു. ആയിരത്തിലധികം പേർക്ക് പരിക്കേറ്റു. മാധ്യമ പ്രതിനിധികൾക്കൊന്നും മേഖലയിലേക്ക് പ്രവേശനമില്ലാത്തതിനാൽ പോലീസ് അതിക്രമങ്ങളുടെ കൃത്യമായ വിവരങ്ങൾ ലഭിക്കുന്നില്ല.

മാറിയ പരിതസ്ഥിതിയിലും മതവിഭാഗങ്ങളെയും ഉപദേശീയതകളെയും വെച്ചുപൊറുപ്പിക്കാത്ത നിലപാട് തന്നെയാണ് ചൈനീസ് കമ്യൂണിസ്റ്റ് ഭരണകൂടം തുടരുന്നത്. ഏതാനും വർഷങ്ങൾക്ക് മുമ്പാണ് ഫാലുൻ, ഗോംഗ് വിഭാഗത്തിനെതിരെ തിരിഞ്ഞത്. ടിബറ്റ് പ്രശ്നം പാശ്ചാത്യർ ഏറ്റുപിടിച്ചതാണല്ലോ. നിരവധി ഹോളിവുഡ് സിനിമകളുടെ പ്രമേയം തന്നെ ചൈനയുടെ ടിബറ്റ് അധിനിവേശമാണ്. ദലൈലാമയെപ്പോലുള്ള ഒരു നേതാവ് പ്രവാസജീവിതം നയിച്ചുകൊണ്ട് ടിബറ്റ് പ്രശ്നം ലോക ശ്രദ്ധയിൽ സജീവമായി നിലനിർത്തുകയും ചെയ്യുന്നു. എന്നാൽ ടിബറ്റിലെ ബുദ്ധമതക്കാരേക്കാൾ കൂടുതൽ പീഡനങ്ങളേറ്റു വാങ്ങുന്നവരാണ് ഉയിഗൂർ മുസ്‌ലിംകൾ. ദലൈലാമയെപ്പോലുള്ള ഒരു നേതാവില്ലാത്തതിനാൽ അവരുടെ പ്രശ്നം ലോകശ്രദ്ധയിൽ വരുന്നേയില്ല.

യഥാർഥത്തിൽ സിൻജിയാംഗ് പ്രവിശ്യ ചരിത്രപരമായി ചൈനയുടെ ഭാഗമേയല്ല. സിൻജിയാംഗ് എന്ന വാക്കിന്റെ തന്നെ അർഥം 'പുതിയ അതിർത്തി' എന്നാണ്. അതായത്, വെട്ടിപിടിച്ച പ്രദേശമാണെന്നർഥം; ടിബറ്റിനെപ്പോലെ. ചരിത്രത്തിൽ കിഴക്കൻ തുർക്കിസ്താൻ എന്ന് അറിയപ്പെടുന്ന പ്രദേശമാണ് ഇപ്പോൾ സിൻജിയാംഗ് ആയി മാറിയിരിക്കുന്നത്. 1759ൽ മഞ്ചു ഭരണകൂടം ഈ പ്രദേശം കീഴടക്കി ചൈനയോട് ചേർക്കുകയായിരുന്നു. ഉയിഗൂർ ദേശീയവാദികൾ ഇപ്പോഴും തങ്ങളുടെ നാടിനെ കിഴക്കൻ തുർക്കിസ്താൻ എന്ന് തന്നെയാണ് വിളിക്കുന്നത്.

ഉയിഗൂർ തുർക്കി വംശജരാണ്. അവരുടെ ഭാഷയും ലിപിയും സംസ്കാരവുമെല്ലാം മാറ്റിമറിക്കാനുള്ള ശ്രമങ്ങളാണ് ചൈനീസ് ഭരണകൂടം നടത്തുന്നത്. ചൈനയിലെ മുഖ്യ വംശമായ ഹാൻ, ഉയിഗൂറുകൾക്കെതിരിൽ തിരിയുന്നതും ഭരണകൂട പിന്തുണയോടെ തന്നെ. രണ്ട് ഉയിഗൂർ വംശജരെ ഹാൻ വംശജർ വധിച്ചതും ഗവൺമെന്റ് കുറ്റവാളികൾക്കെതിരെ നടപടിയെടുക്കാത്തതുമായിരുന്നു ഇപ്പോൾ പ്രശ്നം ആളിപ്പടരാൻ ഇടയാക്കിയത്.





ഉയിഗൂർ അമേരിക്കൻ അസോസിയേഷൻ ആണ് ഉയിഗൂർ പ്രശ്നം ലോകശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്ന പ്രധാന പ്രവാസി സംഘടന. റാബിയ ഖദീർ എന്ന വനിതയാണ് അതിന്റെ പ്രസിഡന്റ്. ■

# ഖുർആൻ വ്യാഖ്യാതാക്കൾ സംഗമിക്കുന്നു

***ഇശ്‌റാഖുൽ** മആനി* ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ഒരു ഖുർആൻ വ്യാഖ്യാന കൃതിയാണ്. ഇതിന്റെ പന്ത്രണ്ടാം വാള്യം ഇറങ്ങിക്കഴിഞ്ഞു. *ഫുസ്സിലത്* (41) മുതൽ *അത്ത്വൂർ* (52) വരെയുള്ള അധ്യായങ്ങളുടെ അർഥവും വ്യാഖ്യാനവുമാണ് ഇതിലെ ഉള്ളടക്കം. ബാംഗ്ലൂരിൽനിന്ന് പുറത്തിറങ്ങുന്ന *യംഗ് മുസ്‌ലിം ഡൈജസ്റ്റ്* മാസികയുടെ എഡിറ്റർ കൂടിയായ സയ്യിദ് ഇഖ്ബാൽ സഹീർ ആണ് ഗ്രന്ഥകർത്താവ്.

ഇതൊരു മൗലിക കൃതിയല്ല. ഖുർആൻ സൂക്തങ്ങൾക്ക് വിവിധ കാലഘട്ടങ്ങളിലെ പ്രഗത്ഭരായ പണ്ഡിതന്മാർ നൽകിയ വ്യാഖ്യാനങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് സമാഹരിക്കുക മാത്രമാണ് ഇതിൽ ചെയ്തിരിക്കുന്നത്. ത്വബ്‌രി, ഇബ്നു ഖയ്യിം, ഇബ്നു കസീർ, ഖുർത്വുബി, റാസി, സമഖ്ശരി തുടങ്ങിയ പൗരാണിക പണ്ഡിതന്മാരുടെ മാത്രമല്ല മുഹമ്മദ് അസദ്, മുഫ്തി ശാഫി, അബ്ദുൽ മാജിദ് ദർയാബാദി, അബുൽ അഅ്‌ലാ മൗദൂദി, അശ്‌റഫ് അലി ഥാനവി, ശബീർ അഹ്മദ് ഉസ്മാനി, അബ്ദുല്ല യൂസുഫലി തുടങ്ങിയ സമകാലികരുടെയും അഭിപ്രായങ്ങളാണ് സമാഹരിച്ചിരിക്കുന്നത്. പദങ്ങളുടെയും സംഭവങ്ങളുടെയും വിവക്ഷകളും സൂചനകളും വിശദീകരിക്കാൻ ക്ലാസിക്കൽ തഫ്സീറുകളെ അവലംബിക്കുമ്പോൾ, നമ്മുടെ കാലത്തേക്കുള്ള ഖുർആന്റെ സന്ദേശം വിശദീകരിക്കാൻ മൗദൂദിയെയും ദർയാബാദിയെയും യൂസുഫ് അലിയെയും കൂടുതലായി ആശ്രയിക്കുന്നു. ഇംഗ്ലീഷ് വായനക്കാർക്ക് ഈ ഗ്രന്ഥപരമ്പര ഏറെ പ്രയോജനം ചെയ്യുമെന്ന് മുസ്‌ലിം വേൾഡ് ബുക് റിവ്യൂ (29.03.2009) വിൽ ഇതിന് ആസ്വാദനമെഴുതിയ പ്രഫ. എ.ആർ കിദ്വായി അഭിപ്രായപ്പെടുന്നു.




Tafsir Ishraq Al-Ma'ani, Vol - XII, P. 384
Publisher: Iqra Welfare Trust
#332, 1st Floor, Darussalam Bidg.,
Queens Rd., Banglore - 560 052

മുദ്രകൾ

# വീണ്ടും വാർത്തകളിൽ നിറയുന്ന ഹിജാബ്

**യൂറോപ്പിൽ** ഹിജാബും നിഖാബും വാർത്തകളിൽ നിറയാത്ത ദിവസങ്ങൾ ഇല്ലെന്നു വന്നിരിക്കുന്നു. ഏറ്റവുമൊടുവിൽ ജർമനിയിൽനിന്നിതാ ഹിജാബിന് ഒരു രക്തസാക്ഷി. ഹിജാബ് ധരിച്ചെത്തിയ മർവ ശർബീനി (32) എന്ന ഈജിപ്തുകാരിയെയാണ് ഇസ്‌ലാമോഫോബിയ തലക്കു പിടിച്ച റഷ്യൻ വംശജനായ ഒരു ജർമൻ മതഭ്രാന്തൻ ദാരുണമായി കുത്തിക്കൊലപ്പെടുത്തിയത്. അതും പോലീസും ജഡ്ജിമാരും നോക്കിനിൽക്കെ കോടതിയുടെ നടുത്തളത്തിൽ വെച്ച്! 18 കുത്തുകളേറ്റ, ഗർഭിണിയായ ശർബീനി തൽക്ഷണം മരിച്ചു. തന്നെ ഹിജാബ് ധരിച്ചതിന്റെ പേരിൽ അവഹേളിച്ചതിന് ഈ ജർമൻകാരനെതിരെ മൊഴിനൽകാൻ എത്തിയതായിരുന്നു ശർബീനി. തടയാനെത്തിയ ഭർത്താവിനും കുത്തേറ്റു.



■ മർവ ശർബീനി



■ മഹിനൂർ ഒസ്ഡിമർ

“ശർബീനി ഹിജാബിന്റെ രക്തസാക്ഷി മാത്രമല്ല, ഇസ്‌ലാമോഫോബിയയുടെ രക്തസാക്ഷി കൂടിയാണ്. ഇസ്‌ലാമോഫോബിയയാണ് യൂറോപ്യൻ മുസ്‌ലിംകൾ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി”- ഹിജാബ് സംരക്ഷണ സമിതിയുടെ അധ്യക്ഷ അബീർ ഫറോൻ പറഞ്ഞു. ശർബീനി മരിച്ച ദിവസം ലോക ഹിജാബ് ദിനമായി ആചരിക്കേണ്ടതാണെന്നും അബീർ അഭിപ്രായപ്പെട്ടു.

ബെൽജിയം മീഡിയയിൽ ഹിജാബ് നിറഞ്ഞുനിന്നത് മറ്റൊരു കാരണത്താലാണ്. ബെൽജിയം പാർലമെന്റിൽ ചരിത്രത്തിലാദ്യമായി ഒരു സ്ത്രീ ഹിജാബ് ധരിച്ച് എത്തിയിരിക്കുന്നു. പേര് മഹിനൂർ ഒസ്ഡിമർ. രാഷ്ട്രീയ പ്രവർത്തക. നേരത്തെ മുൻസിപ്പൽ കൗൺസിൽ അംഗമായിരുന്നു. തുർക്കി കുടിയേറ്റക്കാരുടെ മൂന്നാം തലമുറയിൽ പെടുന്ന മഹിനൂർ ജനിച്ചതും വളർന്നതും ബെൽജിയത്തിൽതന്നെ. ഈ ബെൽജിയം പാർലമെന്റ് അംഗം ഹിജാബ് ധരിച്ചുകൊണ്ടു തന്നെയായിരുന്നു തെരഞ്ഞെടുപ്പ് പ്രചാരണം നടത്തിയിരുന്നതും.

പക്ഷേ മഹിനൂർ ഒസ്ഡിമർക്ക് ഒരു നിയമപ്രശ്നം അഭിമുഖീകരിക്കേണ്ടിവരും. ബെൽജിയം പാർലമെന്റിൽ ഹിജാബ് ധരിക്കുന്നത് നിയമവിരുദ്ധമാണ്. ലിബറലുകളും സോഷ്യലിസ്റ്റുകളും ചേർന്ന് 95 ശതമാനം ബെൽജിയം സ്കൂളുകളിലും ഹിജാബ് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഈ തടസ്സവാദങ്ങൾ ഉന്നയിക്കുന്നവരോട്, ഹിജാബല്ല ദേശീയ പ്രശ്നങ്ങളിൽ ഒരാളുടെ നിലപാടാണ് പ്രധാനമെന്ന് മഹിനൂർ വിശദീകരിക്കുന്നു. “ഞാൻ എന്റെ തലയേ മറച്ചിട്ടുള്ളൂ, ആശയങ്ങൾ മറച്ചിട്ടില്ല”-ആരെയും കൂസാത്ത മറുപടി. ■

## 'പൊതുവായ ഒരു ഉദ്ബോധനം'

“**.........നമസ്കാരത്തിൽ** കൈകെട്ടുന്നതും തൂക്കിയിടുന്നതും സംബന്ധിച്ച് ആഫ്രിക്കയിലെ നമ്മുടെ മുസ്‌ലിം സഹോദരന്മാർക്കിടയിൽ വമ്പിച്ച വെറുപ്പും വിദ്വേഷവും ഉണ്ടാകാറുണ്ടെന്ന് നമുക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. അത് വളരെ ചീത്തയാണ് എന്നതിൽ സംശയമില്ല. അവരിൽ നിന്നതുണ്ടാകാൻ പാടില്ല. സത്യവിശ്വാസികളെന്ന നിലക്ക് പരസ്പര സാഹോദര്യവും സ്നേഹവും നിഷ്കളങ്കതയും നിലനിർത്തിക്കൊണ്ട് തന്നെ സത്യം തെളിവു സഹിതം മനസ്സിലാക്കുന്നതിൽ പര്സപര ധാരണയും ഗുണകാംക്ഷയും കൈക്കൊള്ളുകയാണവർക്ക് നിർബന്ധമായിട്ടുള്ളത്.

നബിതിരുമേനി(സ)യുടെ അനുചരന്മാരും അവരുടെ പിൻഗാമികളും ശാഖാപരമായ വിഷയങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ വെച്ചു പുലർത്തുന്നവരായിരുന്നു. എന്നാൽ അതൊരിക്കലും അവർക്കിടയിൽ ഭിന്നിപ്പും പിണക്കവും ഉണ്ടാകാനിടയാക്കിയിരുന്നില്ല. സത്യം തെളിവു സഹിതം മനസ്സിലാക്കുക എന്നതായിരുന്നു അവരോരോരുത്തരുടെയും ലക്ഷ്യം. അത് വ്യക്തമായി ലഭിച്ചു കഴിഞ്ഞാൽ അവരതിൽ ഏകോപിക്കും. ആർക്കെങ്കിലും അത് വ്യക്തമായി തെളിഞ്ഞില്ലെങ്കിൽ മറ്റുള്ളവരെ വഴി തെറ്റിയവരാക്കാൻ അവരാരും തുനിഞ്ഞിരുന്നില്ല. അക്കാരണം കൊണ്ടും അവർ പരസ്പരം പിണങ്ങുകയോ ബന്ധം മുറിക്കുകയോ ചെയ്തിരുന്നുമില്ല. പരസ്പരം തുടർന്ന് നമസ്കരിക്കുന്നതിനും അതവർക്ക് തടസ്സമായിരുന്നില്ല.

മുസ്‌ലിംകളായ നാമെല്ലാവരും അല്ലാഹുവെ സൂക്ഷിച്ചുകൊണ്ട് സജ്ജനങ്ങളായിരുന്ന പൂർവികന്മാരുടെ മാതൃക പിൻപറ്റി സത്യം മുറുകെ പിടിക്കുകയും അത് പ്രചരിപ്പിക്കുകയും പരസ്പര ഗുണകാംക്ഷയോടെ സഹകരിച്ചു കഴിയുകയും വേണം. സ്നേഹവും സാഹോദര്യവും സത്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ സത്യം തെളിവു സഹിതം മനസ്സിലാക്കാനുള്ള ആവേശം നമുക്ക് ഉണ്ടാകണം. തെളിവുകളുടെ അവ്യക്തത മൂലം ശാഖാപരമായ ചില പ്രശ്നങ്ങളിൽ പരസ്പരം അഭിപ്രായ വ്യത്യാസമുണ്ടാകുന്നത് സ്വാഭാവികമാണ്. അതൊരിക്കലും പരസ്പരം ശത്രുതക്കും പിണക്കത്തിനും ബഹിഷ്കരണത്തിനും കാരണമായിക്കൂടാ.”

*(സുഊദി അറേബ്യയിലെ മതകാര്യവകുപ്പ് തയാറാക്കി വിതരണം ചെയ്യുന്ന, പ്രമുഖ പണ്ഡിതനും മുഫ്തിയുമായിരുന്ന ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസിന്റെ നമസ്കാരം എന്ന പുസ്തകത്തിൽ 'പൊതുവായ ഒരു ഉദ്ബോധനം' എന്ന തലക്കെട്ടിൽ വന്നത്. പുസ്തകം വിവർത്തനം ചെയ്തത് ടി.കെ മുഹ്‌യിദ്ദീൻ ഉമരി).* ■

*സമ്പാദനം: **സി.പി അൻവർ സാദാത്ത്, റിയാദ്***